**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 472** **03-11-2021 - ൽ മറുപടിയ്ക്ക്**

**ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർ ഫോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിർത്തലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഫോണുകൾ പിടിച്ചെടുക്കുകയും ജയിൽ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടികളും, കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജയിലുകളിൽ മൊബൈൽ ഫോണിന്റെ നിയമവിരുദ്ധ ഉപയോഗം തടയുന്നതിന് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ, മൂന്ന് സെൻട്രൽ പ്രിസണുകളിലും വിയ്യൂർ അതീവ സുരക്ഷാ ജയിലിലും, പ്രധാന ഗേറ്റിലെ ഫ്രിസ്കിംഗ് ഡ്യൂട്ടി, പ്രധാന ഗേറ്റിന് പുറത്തെ സെൻട്രി ഡ്യൂട്ടി, ഇന്റർവ്യൂ ഹാളിലെ ഡ്യൂട്ടി എന്നിവ പോലീസ് വകുപ്പിന് കീഴിലുള്ള ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ (IRB) സ്കോർപ്പിയോൺ വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. മൊബൈൽഫോൺ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിന് ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ എന്നിവ ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ X-Ray ബാഗ്ഗേജ് സ്കാനറും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇതുപോലുള്ള ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിന് പോലീസ് വകുപ്പിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തടവുകാരെ കോടതിയിൽ ഹാജരാക്കി തിരികെ കൊണ്ടുവരുന്ന സന്ദർഭങ്ങളിൽ ഉണ്ടാകാൻ ഇടയുള്ള ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാണ് ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം. |
| (ബി) | ജയിലുകളിൽ നിലവിൽ മൊബൈൽ ജാമറുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അവ 4 ജി., 5 ജി. കണക്റ്റിവിറ്റികളിൽ നിന്നുള്ള കോളുകൾ | (ബി) | നിലവിൽ ജയിലുകളിൽ മൊബൈൽ ഫോൺ ജാമർ സ്ഥാപിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | തടയുന്നതിന് പ്രവർത്തനസജ്ജമാണോയെന്ന് അറിയിക്കാമോ; | | |
| (സി) | ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | മുമ്പ് കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽഫോൺ ജാമർ ഏർപ്പെടുത്തിയിരുന്നു. സാങ്കേതികവിദ്യ അനുദിനം പരിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന നില വന്നു. ജയിലുകളിലേയ്ക്കായി കൂടുതൽ മികവുള്ള ഇതര സംവിധാനങ്ങളടക്കം സേവനദാതാക്കളുമായി ബന്ധപ്പെട്ട് വരുത്തിയാൽ മാത്രമേ ഇത് ഫലപ്രദമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ